**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 354** **27-06-2022 - ൽ മറുപടിയ്ക്ക്**

**ലൈഫ് മിഷൻ പദ്ധതി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ.പി. കെ. ബഷീർ</td><td colspan="2">ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ലൈഫ് മിഷൻ പദ്ധതിയിൽ എത്ര ആളുകൾക്ക് വീട് അനുവദിച്ചു; ജില്ല തിരിച്ച വിശദാംശം ലഭ്യമാക്കുമോ;</td><td>(എ)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ലൈഫ് മിഷന്റെ വിവിധ ഘട്ടങ്ങളിലൂടെ 66,145 ഗുണഭോക്താക്കൾക്ക് വീട് അനുവദിച്ചിട്ടുണ്ട്.ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><td>തിരുവനന്തപുരം</td><td>5,605</td></tr>
<tr><td>കൊല്ലം</td><td>6,710</td></tr>
<tr><td>പത്തനംതിട്ട</td><td>2,688</td></tr>
<tr><td>ആലപ്പുഴ</td><td>4,411</td></tr>
<tr><td>കോട്ടയം</td><td>3,554</td></tr>
<tr><td>ഇടുക്കി</td><td>5,142</td></tr>
<tr><td>എറണാകുളം</td><td>5,100</td></tr>
<tr><td>തൃശ്ശൂർ</td><td>4,249</td></tr>
<tr><td>പാലക്കാട്</td><td>6,682</td></tr>
<tr><td>മലപ്പുറം</td><td>8,536</td></tr>
<tr><td>കോഴിക്കോട്</td><td>3,403</td></tr>
<tr><td>വയനാട്</td><td>4,633</td></tr>
<tr><td>കണ്ണൂർ</td><td>2,332</td></tr>
<tr><td>കാസർഗോഡ്</td><td>3,100</td></tr>
<tr><td>ആകെ</td><td>66,145</td></tr>
</table></td></tr>
<tr><td>(ബി)</td><td>പ്രസ്തുത പദ്ധതിക്കായി എത്ര തുകയാണ് ആവശ്യമായി വരുന്നതെന്നും ആയത് എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്നും വെളിപ്പെടുത്തുമോ;</td><td>(ബി)</td><td>പ്രസ്തുത പദ്ധതിക്കായി 2645.80 കോടി രൂപ ആവശ്യമായി വരും. ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതവും സംസ്ഥാന ബജറ്റ് വിഹിതവും ഹഡ്കോ വായ്പയുമാണ് ചെലവഴിക്കുവാൻ ഉദ്ദേശിക്കുന്നത്.</td></tr>
<tr><td>(സി)</td><td>പ്രസ്തുത പദ്ധതിക്കായി സർക്കാർ ഏതെങ്കിലും</td><td>(സി)</td><td>ഹഡ്കോ വായ്പ എടുത്തിട്ടുണ്ട്. വായ്പ തുകയുടെ പലിശ</td></tr>
</table>

| | | | |
|---|---|---|---|
| | വായ്പകൾ എടുത്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ തിരിച്ചടവ്, പലിശ ഇവ സംബന്ധിച്ച പൂർണ്ണ വിശദാംശം നൽകുമോ; | | സർക്കാർ ബജറ്റ് തുകയിൽ നിന്നും മുതൽ തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിൽ നിന്നുമാണ് തിരിച്ചടയ്ക്കുന്നത്. വായ്പാ കാലാവധി 15 വർഷമാണ്. |
| (ഡി) | ഓരോ കാറ്റഗറിയിലും എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അവയിൽ നിന്നും എത്ര അപേക്ഷകളാണ് അന്തിമമായി പരിഗണിച്ചതെന്നും അറിയിക്കുമോ? | (ഡി) | 2017-ലെ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാനാകാതെപോയ അർഹരായ ഗുണഭോക്തൃ കുടുംബങ്ങളെ കണ്ടെത്തുന്നതിനായി ലൈഫ് 2020 പ്രകാരം ഓൺലൈനായി അപേക്ഷ ക്ഷണിച്ചതിൻ പ്രകാരം 9,20,260 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ ഭൂമിയുള്ള ഭവനരഹിതരുടെ 6,47,092 അപേക്ഷകളും ഭൂരഹിത ഭവനരഹിതരുടെ 2,73,168 അപേക്ഷകളും ഉൾപ്പെടുന്നു. ടി അപേക്ഷകൾ ഫീൽഡുതല പരിശോധന നടത്തിയതിൽ 3,79,069 ഭൂമിയുള്ള ഭവനരഹിതരും 2,02,620 ഭൂരഹിത ഭവനരഹിതരും അർഹതയുള്ളതായി കണ്ടെത്തിയിട്ടുണ്ട്. അർഹരായ മുഴുവൻ ഗുണഭോക്തൃ കുടുംബങ്ങളും ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും അനർഹർ ആരുംതന്നെ ഉൾപ്പെട്ടിട്ടില്ലായെന്നും ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഫീൽഡുതല പരിശോധന നടത്തിയ അപേക്ഷകൾ പുനപരിശോധന നടത്തുകയുണ്ടായി. അതിൻപ്രകാരം 3,28,041 ഭൂമിയുള്ള ഭവനരഹിതരും 1,86,340 ഭൂരഹിത ഭവനരഹിതരും ഉൾപ്പെടെ 5,14,381 കുടുംബങ്ങൾ ഇതിനോടകം അർഹതയുള്ളതായി കണ്ടെത്തിയിട്ടുണ്ട്.<br><br>പുനപരിശോധനയ്ക്കും ഒന്നും രണ്ടും ഘട്ട അപ്പീലുകൾക്ക് ശേഷം വാർഡ്സഭ/ ഗ്രാമസഭ അംഗീകാര നടപടികൾ പൂർത്തിയാക്കി ലൈഫ് 2020 പ്രകാരമുള്ള അന്തിമ ഗുണഭോക്തൃ പട്ടിക 2022 ആഗസ്റ്റ് 16-ന് പ്രസിദ്ധീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ